**GAZETTE DATE : 15.07.2024**
**LAST DATE : 14.08.2024**

# CATEGORY NO: 211/2024
# SECOND NCA NOTIFICATION

Applications are invited Online only by ONE TIME REGISTRATION SCHEME from qualified candidates belonging to reservation group of **Ezhava/ Thiyya/ Billava Community** in the state of Kerala for selection to the following post. Before applying for the post, the candidates shall register as per One Time Registration Scheme through the official website of Kerala Public Service Commission. Candidates who have already registered can apply through their profile.

1. Name of firm : **Kerala Forest Development Corporation Limited.**
2. Name of Post : **Manager**
3. Scale of pay : ₹ 39500-83000/-
4. No of Vacancies : **Ezhava/Thiyya/Billava- 1 (one)**

*Note:* 1) The above vacancy is now in existence. The Ranked list published as per this notification will be valid until candidates are advised and appointed against the vacancy earmarked for the above mentioned community but remain unfilled due to paucity of candidates during the currency of the Ranked List published on 28/04/2020 (Category No. 438/2016). This is the second NCA Notification published due to the non availability of candidate belonging to Ezhava/ Thiyya/ Billava Community after the issuance of the First NCA Notification as given below.

| Reservation Category | Category Number | Gazette Date |
|---|---|---|
| Ezhava/ Thiyya/ Billava | 172/2021 | 30.04.2021 |

2) The Kerala Public Service Commission shall have the power to cancel the advice for appointment of any candidate to the above post, if it is subsequently found that such advice was made under some mistake. On such cancellation the appointing authority shall terminate the service of the candidates, provided that the cancellation of advice for appointment by the Commission and subsequent termination of service of the candidate by the appointing authority shall be made within the period of probation or 240 days from the date of joining duty whichever is earlier.

5. **Method of appointment** : Direct Recruitment (from candidates belonging to Ezhava/ Thiyya/ Billava Community only).

   Note : Applications submitted by candidates belonging to the communities other than the above mentioned community will be summarily rejected. No rejection memo will be issued to such candidates.

6. **Age** : 18-39, Only candidates born between 02.01.1985 and 01.01.2006 (both dates included) are eligible to apply for this post.

***Note***: The provisional hands working in the above concern will be given age relaxation to the extent of their provisional service put in subject to a maximum of five years from the upper age limit provided they are within the prescribed age limit on the date of their first appointment in the above concern. But the regular employees of the concern are not eligible for the above concession for further appointment. The provisional hands should obtain a certificate showing the period of their provisional service in the concern and shall produce the same as and when required by the Commission. It would also be clearly specified in the Certificate that they were not working in the regular service of the concern.

(For other conditions regarding the age relaxation please see Para 2(vi), (xii), (xiv) of the General Conditions)

7. **Qualifications** :(1) B.Sc (Forestry) or B.Tech Forestry from a recognized University

**Note:-**

1. Rule 10 a (ii) of Part II KS & SSR is applicable.
2. In addition to the qualifications prescribed in the Notification, the qualifications recognized by executive orders or standing orders of Government as equivalent to a qualification specified for the post, and such of those qualifications which pre-suppose the acquisition of the lower qualification prescribed for the post, shall also be sufficient for the post. The copy of the Government orders declaring equivalent/higher qualifications shall be produced as and when required by the Commission.

(2) Physical Qualifications

(i) Height – 167 cms

(ii) Chest – 81 cms with a minimum expansion of 5 cms
(Not applicable to female candidates)

(iii) Eye sight :- Must be certified to possess the visual standard specified below without glasses.

| | Right Eye | Left Eye |
|---|---|---|
| Distant Vision | 6/6 Snellen | 6/6 Snellen |
| Near Vision | 0.5 Snellen | 0.5 Snellen |

Note:- Each Eye must have a full field of Vision. Colour blindness, squint or any morbid condition of the eye or lids of either eye will be deemed to be a disqualification.

(3) Candidates should have good physique. They must be free from apparent physical defects like knock knee, flat foot, varicose veins, bow legs, deformed limbs, irregular and protruding teeth, defective speech and hearing.

(4) Physical Efficiency Test.

Must qualify in any 5 events out of the 8 items specified below of the National Physical efficiency One Star Standard test.

| Sl.No. | Items | Minimum standard of efficiency |
|---|---|---|
| 1 | 100 meters race | 14 seconds |
| 2 | High Jump | 132.20 cms. |
| 3 | Long Jump | 457.20 cms. |
| 4 | Putting the shot (7264 gms.) | 609.60 cms. |
| 5 | Rope Climbing using hands only | 365.80 cms. |
| 6 | Throwing the Cricket Ball | 6096 cms. |
| 7 | Pullups or Chinning | 8 times |
| 8 | 1500 meters run | 5 minutes and 44 seconds |

**Note:** Candidates should produce at the time of Physical Efficiency Test a Medical Certificate in original in the form prescribed here under, Certifying to their physical fitness and eyesight without glasses. The Medical

Certificate should be one obtained from a Medical Officer under the Government not below the rank of a Civil Surgeon. The Physical measurements of the candidates will be taken at the time of Physical Efficiency Test and those who do not possess the prescribed physical measurements will not be admitted for the Physical Efficiency Test.

## FORM OF MEDICAL CERTIFICATE

I have this day medically examined Sri...….......................................................... and found that he has no disease or infirmity which would render him unsuitable for Government Service. His age according to his own statement is...................... and by appearance is …............... years and his standards of vision are as follows.

### Standard of Vision – Eye sight without glasses

| | | Right eye | Left eye |
|---|---|---|---|
| 1. | Distant Vision | …...................Snellen | …............. Snellen |
| 2. | Near Vision | …...................Snellen | …............. Snellen |
| 3. | Field of Vision | …......................... | …................ |

(Specify whether filed of vision is full or not. Entries such as 'normal' 'good' etc. are not appropriate here)

4. Colour Blindness
5. Squint
6. Any morbid condition of the eye or lids of either eye.

He/She is physically fit for the post of …....................................................................

Place: Signature,

Date: Name & Designation
of the Medical Officer
(Civil Surgeon or above)

Office Seal

Note:-

(1) Details regarding standards of Vision should be clearly stated in the Certificate as given above and Vague statements such as vision “Normal” “average” etc will not be accepted. Specification for each eye should be stated separately against each item. If the Specifications are not as indicated above, the officer issuing the certificate should notify whether the candidate has got better standards of vision or worse standards of vision,as the case may be otherwise the certificate will not be accepted.

**(2)** Selected Candidates should undergo physical training and training in Forestry for which they will be sent after selection.

8. **Probation:**
The Probation period is applicable as per the provisions of the Special Rules of the Kerala Forest Development Corporation Limited.

9. **Mode of submitting applications**

(a) Candidates must register as per ONE TIME REGISTRATION with the official Website of Kerala Public Service Commission **www.keralapsc.gov.in** before applying for the post. Candidates who have registered can apply by logging on to their profile using their User-ID and Password. Candidates must click on the **'Apply Now'** button of the respective posts in the Notification Link to apply for a post. The Photograph uploaded should be taken after 31.12.2014. The candidates who register One Time Registration profile after 01/01/2024, should upload photograph taken within 6 months. Name of the candidate and the date of photograph taken should be printed legibly at the bottom portion of the photograph. The photograph once uploaded meeting all requirements shall be valid for 10 years from the date of uploading. There is no change in other instructions regarding the uploading of photographs. No application fee is required. Candidates are responsible for the correctness of the personal information and secrecy of password. Before the final submission of the application on the profile candidates must ensure correctness of the information in their profile. They must quote the User-ID for further communication with the Commission. Application submitted is provisional and cannot be deleted or altered after submission. **Candidates are advised to keep a printout or soft copy of the online application for future reference. Candidates can take the printout of the application by clicking on the link 'My applications' in their profile. All correspondences with the Commission, regarding the application should be accompanied with the print out of the application.** The application will be summarily rejected if non-compliance with the notification is found in due course of processing. Original documents to prove qualification, experience, age, Community etc. have to be produced as and when called for.

(b) Candidates should add Aadhaar Card as ID proof in their profiles.

(c) If Written/OMR/Online Test is conducted as part of this selection, candidates shall submit a confirmation for writing the examination through their One Time Registration profile. Such candidates alone can generate and download the Admission Tickets in the last 15 days till the date of Test. The applications of candidates who do not submit confirmation within the stipulated period, will be rejected absolutely. The periods regarding the submission of confirmation and the availability of Admission Tickets will be published in the Examination Calendar itself. Information in this regard will be given to the candidates in their respective profiles and in the mobile phone number registered in it.

10. (a) Sub Paras i, ii, iii, iv, v, vii, viii, ix, x xi and xiii in para 2 and paras 5 and 6 of the General Conditions are not applicable to this post.

(b) The selection of the above concern will be subject to the rules and regulations made by them from time to time.

11. Last date of receipt of applications : **14.08.2024** Wednesday upto 12.00 Midnight.

12. Name of Website to which applications are to be submitted: www.keralapsc.gov.in

13. **Special Instructions to Candidates:**

1.In the case of difference in original caste/ community claimed in the application and that entered

in SSLC book, the candidate shall produce a Gazette Notification in this regard, along with Non Creamy Layer Certificate at the time of certificate verification.

2.Candidates are required to acquaint themselves with the instructions given in the Notification as part II, General conditions before submitting application for the post. Applications which are not submitted in accordance with the terms and conditions laid down in the General Conditions are liable to be rejected.

3.Appropriate disciplinary action as per Rule 22 of the Kerala Public Service Commission Rules of Procedure shall be initiated against those candidates who submit applications with bogus claims of qualification regarding education, experience etc. and are liable to be disqualified for being considered for a particular post or debarment from applying to the Commission either permanently or for any period or the invalidation of their answer scripts or products in a written/ practical test or initiation of criminal or other proceedings against them or their removal or dismissal from office or the ordering of any other disciplinary action against them if they have already been appointed, or any one or more of the above.

**SAJU GEORGE**
**SECRETARY**
**KERALA PUBLIC SERVICE COMMISSION**

## കാറ്റഗറി നമ്പർ : 211/2024
## രണ്ടാം എൻ.സി.എ വിജ്ഞാപനം

താഴെ പറയുന്ന ഉദ്യോഗത്തിന് തെരഞ്ഞെടുക്കപ്പെടുന്നതിന് കേരള സംസ്ഥാനത്തിലെ ഈഴവ/ തിയ്യ/ ബില്ലവ സംവരണസമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളിൽ നിന്നും എൻ.സി.എ ഒഴിവുകളിലേയ്ക്ക് ഓൺലൈനായി മാത്രം അപേക്ഷകൾ ക്ഷണിച്ചുകൊള്ളുന്നു. ഒറ്റത്തവണ രജിസ്ട്രേഷന് ശേഷം ഓൺലൈനായി കമ്മീഷന്റെ വെബ് സൈറ്റിലൂടെയാണ് അപേക്ഷ സമർപ്പിക്കേണ്ടത്. നിലവിൽ രജിസ്ട്രേഷൻ ഉള്ള ഉദ്യോഗാർത്ഥികൾക്ക് അവരുടെ പ്രൊഫൈലിലൂടെ അപേക്ഷിക്കാം.

1. സ്ഥാപനം : **കേരള വന വികസന കോർപ്പറേഷൻ ലിമിറ്റഡ്**
2. ഉദ്യോഗപ്പേര് : **മാനേജർ**
3. ശമ്പളം : **₹ 39500-83000/-**
4. ഒഴിവുകളുടെ എണ്ണം : **ഈഴവ/ തിയ്യ/ ബില്ലവ - 1 (ഒന്ന്)**

(i) മുകളിൽ കൊടുത്തിട്ടുള്ള ഒഴിവ് ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് പട്ടികയുടെ കാലാവധി ,ഈ തസ്തികയുടെ **28/04/2020** തീയതിയിൽ നിലവിൽ വന്ന റാങ്ക് ലിസ്റ്റിന്റെ (കാറ്റഗറി നം. **438/2016**) കാലയളവിൽ മേൽപ്പറഞ്ഞ സംവരണ സമുദായത്തിനു വേണ്ടി നീക്കിവച്ചിട്ടുള്ളതും എന്നാൽ ആ സമുദായത്തിൽ നിന്നുള്ള ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാതെയിരുന്നതുമായ ഒഴിവിലേക്ക് നിയമന ശിപാർശയും നിയമനവും നടത്തുന്നതു വരെ പ്രാബല്യത്തിലുണ്ടായിരിക്കുന്നതാണ്. താഴെ കൊടുത്തിരിക്കുന്ന ഒന്നാം എൻ. സി. എ. വിജ്ഞാപന പ്രകാരം ഈഴവ/ തിയ്യ/ ബില്ലവ വിഭാഗത്തിലുള്ള അർഹരായുള്ള ഉദ്യോഗാർത്ഥികളെ ലഭിക്കാതിരുന്നതിനാലുള്ള രണ്ടാം എൻ.സി. എ വിജ്ഞാപനമാണിത്.

| സംവരണ വിഭാഗം | കാറ്റഗറി നമ്പർ | ഗസറ്റ് തീയതി |
|---|---|---|
| ഈഴവ/ തിയ്യ/ ബില്ലവ | 172/2021 | 30.04.2021 |

(ii) മുകളിൽ പറയുന്ന തസ്തികയിലേയ്ക്കുള്ള നിയമനത്തിനുള്ള ഏതു ശിപാർശയും പിന്നീട് തെറ്റാണെന്ന് ബോധ്യപ്പെട്ടാൽ റദ്ദ ചെയ്യുന്നതിനുള്ള അധികാരം കേരള പബ്ലിക് സർവ്വീസ് കമ്മീഷന് ഉണ്ടായിരിക്കുന്നതാണ്. നിയമന ശിപാർശ റദ്ദ ചെയ്താലുടൻ നിയമനാധികാരി ആ ഉദ്യോഗാർത്ഥിയുടെ സേവനം അവസാനിപ്പിക്കേണ്ടതാണ്. എന്നാൽ നിയമന ശിപാർശ റദ്ദാക്കുകയും സേവനം അവസാനിപ്പിക്കുകയും ചെയ്യുന്നത് ഉദ്യോഗാർത്ഥിയുടെ പ്രൊബേഷൻ കാലമോ ജോലിയിൽ പ്രവേശിച്ച ശേഷം 240 ദിവസമോ ഏതാണോ ആദ്യം പൂർത്തിയാകുന്നത് ആ കാലയളവിനുള്ളിലായിരിക്കണം.

5. നിയമന രീതി : നേരിട്ടുള്ള നിയമനം ( ഈഴവ/ തിയ്യ/ ബില്ലവ വിഭാഗത്തിന് മാത്രം)

   കുറിപ്പ് : മേൽ പറഞ്ഞ സമുദായത്തിൽപെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് അപേക്ഷ നിരസിച്ചു കൊണ്ടുള്ള അറിയിപ്പ് പ്രത്യേകമായി നൽകുന്നതല്ല

6. പ്രായം : 18-39. 02.01.1985-നും 01.01.2006-നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ടു തീയതികളും ഉൾപ്പെടെ).

***നോട്ട്:***-പ്രസ്തുത സ്ഥാപനത്തിൽ പ്രൊവിഷണലായി ജോലി നോക്കിയിട്ടുള്ളവർ ആദ്യത്തെ പ്രൊവിഷണൽ നിയമനകാലത്ത് നിശ്ചിത പ്രായപരിധി കഴിഞ്ഞിരുന്നില്ലെങ്കിൽ അവരുടെ പ്രൊവിഷണൽ സർവ്വീസിന്റെ ദൈർഘ്യത്തോളം ഉയർന്ന പ്രായപരിധിയിൽ ഇളവ് അനുവദിക്കുന്നതാണ്. എന്നാൽ പരമാവധി അഞ്ചുവർഷക്കാലം മാത്രമേ ഈ ആനുകൂല്യം ലഭിക്കുകയുള്ളൂ. ടി സ്ഥാപനത്തിൽ റഗുലർ ഉദ്യോഗം വഹിക്കുന്നവർക്ക് വീണ്ടും മറ്റൊരു നിയമനത്തിന് ഈ ആനുകൂല്യം ലഭിക്കുന്നതല്ല. പ്രൊവിഷണൽ സർവ്വീസിലുള്ളവർ സർവ്വീസിന്റെ ദൈർഘ്യം കാണിക്കുന്ന സർട്ടിഫിക്കറ്റ് വാങ്ങി കൈവശം സൂക്ഷിക്കേണ്ടതും കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതുമാണ്. അവർ റഗുലർ സർവ്വീസിലല്ല ജോലി നോക്കിയിരുന്നതെന്ന് സർട്ടിഫിക്കറ്റിൽ പ്രത്യേകം പറഞ്ഞിരിക്കണം.

(വയസ്സിളവിനെ സംബന്ധിച്ച മറ്റു വ്യവസ്ഥകൾക്ക് ഈ വിജ്ഞാപനത്തിലെ പാർട്ട് 2 (vi), (xii), (xiv) -ലെ പൊതുവ്യവസ്ഥകൾ നോക്കുക)

7. **യോഗ്യതകൾ:–** (1) ഒരു അംഗീകൃത സർവ്വകലാശാലയിൽനിന്നും ബി എസ് സി ഫോറസ്ട്രി/ ബി ടെക് ഫോറസ്ട്രി.

**കുറിപ്പ്:**

1. കെ.എസ് & എസ്.എസ് .ആർ . പാർട്ട് II വിലെ റൂൾ 10 (a) ii ബാധകമാണ്.
2. ഈ വിജ്ഞാപനത്തിൽ നിഷ്കർഷിച്ചിട്ടുള്ള യോഗ്യതകൾക്ക് പുറമെ എക്സിക്യൂട്ടിവ് ഉത്തരവുകൾ മുഖേനയോ സ്റ്റാൻഡിംഗ് ഉത്തരവുകൾ മുഖേനയോ നിശ്ചിത വിദ്യാഭ്യാസ യോഗ്യതയ്ക്ക് തത്തുല്യമായി സർക്കാർ പ്രഖ്യാപിക്കുന്ന യോഗ്യതകളും, നിർദ്ദിഷ്ട യോഗ്യതകൾ അടിസ്ഥാന യോഗ്യതയായിട്ടുള്ള ഉയർന്ന യോഗ്യതകളും സ്വീകരിക്കുന്നതാണ്. തത്തുല്യ യോഗ്യത/ ഉയർന്ന യോഗ്യത സംബന്ധിച്ച സർക്കാർ ഉത്തരവുകൾ കമ്മീഷൻ ആവശ്യപ്പെടുന്ന സമയത്ത് ഹാജരാക്കേണ്ടതാണ്.

(2) ശാരീരിക യോഗ്യതകൾ

(i) ഉയരം – 167 സെന്റീമീറ്റർ.

(ii) നെഞ്ചളവ് – 81 സെന്റീമീറ്ററും കുറഞ്ഞത് അഞ്ച് സെന്റീമീറ്റർ വികാസവും വേണം. (വനിത ഉദ്യോഗാർത്ഥികൾക്ക് ബാധകമല്ല)

(iii) കാഴ്ച – കണ്ണട ഉപയോഗിക്കാതെ താഴെ കാണിച്ചിരിക്കുന്ന കാഴ്ച ഉണ്ടായിരിക്കേണ്ടതാണ്.

| | വലതുകണ്ണ് | ഇടതുകണ്ണ് |
|---|---|---|
| ദൂരക്കാഴ്ച | 6/6 സ്നെല്ലൻ | 6/6 സ്നെല്ലൻ |
| സമീപക്കാഴ്ച | 0.5 സ്നെല്ലൻ | 0.5 സ്നെല്ലൻ |

കുറിപ്പ്: ഓരോ കണ്ണിനും പരിപൂർണ്ണമായ കാഴ്ച മേഖല (ഫീൽഡ് ഓഫ് വിഷൻ) ഉണ്ടായിരിക്കണം. നിറങ്ങൾ തിരിച്ചറിയാനുള്ള കഴിവില്ലായ്മയോ (കളർ ബ്ലൈൻഡ്നെസ്), കോങ്കണ്ണോ (സ്ക്വിന്റ്) അല്ലെങ്കിൽ മറ്റു തരത്തിലുള്ള ഏതെങ്കിലും ന്യൂനത ഏതെങ്കിലും കണ്ണിനോ, കൺപോളക്കോ ഉണ്ടെങ്കിൽ അവ അയോഗ്യതയായി പരിഗണിക്കുന്നതാണ്.

(3) ഉദ്യോഗാർത്ഥികൾക്ക് നല്ല ശരീരഘടന ഉണ്ടായിരിക്കണം. മുട്ടുതട്ട്, പരന്നപാദം, ഞരമ്പുവീക്കം, വളഞ്ഞകാലുകൾ, വൈകല്യമുള്ള കൈ കാലുകൾ, കോമ്പല്ല്, ഉന്തിയ പല്ലുകൾ, കൊഞ്ഞ, കേൾവിയിലും സംസാരരീതിയിലുമുള്ള പോരായ്മകൾ തുടങ്ങിയ പ്രകടമായ ശാരീരിക ന്യൂനതകൾ ഉണ്ടായിരിക്കരുത്.

(4) കായിക ക്ഷമതാ പരീക്ഷ.

താഴെ പറയുന്ന വൺ സ്റ്റാർ സ്റ്റാൻഡേർഡിലുള്ള 8 (എട്ട്) ഇനങ്ങളിൽ ഏതെങ്കിലും 5 (അഞ്ച്) എണ്ണത്തിൽ യോഗ്യത നേടിയിരിക്കണം.

| ക്രമ നമ്പർ | ഇനങ്ങൾ | മിനിമം സ്റ്റാൻഡേർഡ് ഓഫ് എഫിഷ്യൻസി |
|---|---|---|
| 1 | 100 മീറ്റർ ഓട്ടം | 14 സെക്കന്റ് |
| 2 | ഹൈജംപ് | 132.20 സെ.മീറ്റർ |
| 3 | ലോംഗ് ജംപ് | 457.20 സെ.മീറ്റർ |
| 4 | പുട്ടിംഗ് ദി ഷോട്ട് (7264 gms.) | 609.60 സെ.മീറ്റർ |
| 5 | റോപ്പ് ക്ലൈബിംഗ് (കൈ മാത്രം ഉപയോഗിച്ച്.) | 365.8 സെ.മീറ്റർ |
| 6 | ത്രോയിംഗ് ദി ക്രിക്കറ്റ് ബാൾ | 6096 സെ.മീറ്റർ |
| 7 | പുൾഅപ്സ് അല്ലെങ്കിൽ ചിന്നിംഗ് | 8 തവണ |
| 8 | 1500 മീറ്റർ ഓട്ടം | 5 മിനിറ്റ് 44 സെക്കന്റ് |

കുറിപ്പ്:– ഉദ്യോഗാർത്ഥികൾ കായികക്ഷമത പരീക്ഷയ്ക്ക് ഹാജരാകുമ്പോൾ താഴെ കൊടുത്തിട്ടുള്ള ഫോറത്തിൽ സർക്കാർ സർവ്വീസിൽ സിവിൽ സർജനിൽ കുറയാത്ത റാങ്കുള്ള ഒരു മെഡിക്കൽ ആഫീസറിൽ നിന്നും ശാരീരിക യോഗ്യതയും കണ്ണട കൂടാതെയുള്ള കാഴ്ചശക്തിയും തെളിയിക്കുന്നതിന് ഒരു മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അസ്സൽ ഹാജരാക്കേണ്ടതാണ്. മെഡിക്കൽ സർട്ടിഫിക്കറ്റ് സർക്കാർ സർവീസിലെ സിവിൽ സർജനിൽ കുറയാത്ത റാങ്കിലുള്ള മെഡിക്കൽ ഓഫീസറിൽ നിന്നും വാങ്ങിയതായിരിക്കണം
ഉദ്യോഗാർത്ഥികളുടെ ശാരീരിക അളവുകൾ കായികക്ഷമതാ പരീക്ഷയ്ക്ക് മുൻപ് എടുക്കുന്നതാണ്. നിശ്ചിത ശാരീരിക അളവുകൾ ഇല്ലാത്ത ഉദ്യോഗാർത്ഥികളെ കായികക്ഷമതാ പരീക്ഷയിൽ പങ്കെടുക്കാൻ അനുവദിക്കുന്നതല്ല.

## FORM OF MEDICAL CERTIFICATE

I have this day medically examined Sri..................................................................... and found that he has no disease or infirmity which would render him unsuitable for Government Service. His age according to his own statement is....................... and by appearance is ................. years and his standards of vision are as follows.

### Standards of Vision – Eye sight without glasses

| | | Right eye | Left eye |
|---|---|---|---|
| 1. | Distant Vision | ...................Snellen | ............... Snellen |
| 2. | Near Vision | ...................Snellen | ............... Snellen |
| 3. | Field of Vision | .............................. | ................... |

(Specify whether field of vision is full or not. Entries such as 'normal' 'good' etc. are not appropriate here)

4. Colour Blindness
5. Squint
6. Any morbid condition of the eye or lids of either eye.

He is physically fit for the post of .......................................................................

Place: Signature,

Date: Name & Designation
of the Medical Officer
(Civil Surgeon or above)

Office Seal

**കുറിപ്പ് :–**

1. കാഴ്ച സംബന്ധിച്ച വിവരങ്ങൾ സർട്ടിഫിക്കറ്റിൽ ഓരോ ഐറ്റത്തിനു നേരെയും വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം .'വിഷൻ' "നോർമൽ' 'ആവറേജ്' മുതലായ പ്രസ്താവനകൾ സ്വീകരിക്കുന്നതല്ല. ഓരോ കണ്ണിനെയും സംബന്ധിച്ച വിവരങ്ങൾ പ്രത്യേകമായി രേഖപ്പെടുത്തിയിരിക്കണം. കാഴ്ച ശക്തി മുകളിൽ സൂചിപ്പിച്ച വിധത്തിലല്ലെങ്കിൽ കണ്ണിനു നല്ല കാഴ്ച ശക്തിയുണ്ടെന്നോ മോശമായ കാഴ്ച ശക്തിയാണെന്നോ ഉള്ള വിവരം സർട്ടിഫിക്കറ്റ് നൽകുന്ന ഉദ്യോഗസ്ഥൻ സർ ട്ടിഫിക്കറ്റിൽ രേഖപ്പെടുത്തേണ്ടതാണ്. അല്ലാത്ത പക്ഷം സർട്ടിഫിക്കറ്റ് സ്വീകരിക്കുന്നതല്ല.
2. തെരഞ്ഞെടുക്കുന്ന ഉദ്യോഗാർത്ഥികൾക്ക് കായിക പരിശീലനവും അതോടൊപ്പം വനവത് കരണത്തിൽ പരിശീലനവും നൽകുന്നതായിരിക്കും

8. **പ്രൊബേഷൻ:**

കേരള വന വികസന കോർപ്പറേഷൻ ലിമിറ്റഡിലെ വിശേഷാൽ ചട്ടങ്ങളിലെ വ്യവസ്ഥകൾ പ്രകാരമുള്ള പ്രൊബേഷൻ കാലയളവ് ബാധകമാണ്.

9. **അപേക്ഷ സമർപ്പിക്കേണ്ട വിധം**

(എ) ഉദ്യോഗാർത്ഥികൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഔദ്യോഗിക വെബ്സൈറ്റായ www.keralapsc.gov.in വഴി 'ഒറ്റത്തവണ രജിസ്ട്രേഷൻ' പ്രകാരം രജിസ്റ്റർ ചെയ്ത ശേഷമാണ് അപേക്ഷിക്കേണ്ടത്. രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികൾ അവരുടെ user ID യും password ഉം ഉപയോഗിച്ച് login ചെയ്ത ശേഷം സ്വന്തം profile ലൂടെ അപേക്ഷിക്കേണ്ടതാണ്. ഓരോ തസ്തികയ്ക്ക് അപേക്ഷിക്കുമ്പോഴും പ്രസ്തുത തസ്തികയോടൊപ്പം കാണുന്ന Notification Link-ലെ Apply Now -ൽ മാത്രം click ചെയ്യേണ്ടതാണ്. Upload ചെയ്യുന്ന ഫോട്ടോ 31/12/2014-ന് ശേഷം എടുത്തതായിരിക്കണം. **01/01/2024 മുതൽ പ്രൊഫൈൽ ആരംഭിക്കുന്ന ഉദ്യോഗാർത്ഥികൾ അപ് ലോഡ് ചെയ്യുന്ന ഫോട്ടോ ആറു മാസത്തിനകം എടുത്തതായിരിക്കണം** . ഫോട്ടോയുടെ താഴെ ഉദ്യോഗാർത്ഥിയുടെ പേരും ഫോട്ടോ എടുത്ത തീയതിയും വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം. നിശ്ചിത മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് upload ചെയ്ത ഫോട്ടോയ്ക്ക് upload ചെയ്ത തീയതി മുതൽ 10 വർഷക്കാലത്തേയ്ക്ക് പ്രാബല്യമുണ്ടായിരിക്കും. ഫോട്ടോ സംബന്ധിച്ച മറ്റ് നിബന്ധനകൾക്കൊന്നും തന്നെ മാറ്റമില്ല. അപേക്ഷാ ഫീസ് നൽകേണ്ടതില്ല. Password രഹസ്യമായി സൂക്ഷിക്കേണ്ടതും വ്യക്തിഗത വിവരങ്ങൾ ശരിയാണെന്ന് ഉറപ്പ് വരുത്തേണ്ടതും ഉദ്യോഗാർത്ഥിയുടെ ചുമതലയാണ്. ഓരോ തസ്തികയ്ക്ക് അപേക്ഷിക്കുന്നതിന് മുൻപും തന്റെ പ്രൊഫൈലിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന വിവരങ്ങൾ ശരിയാണെന്ന് ഉദ്യോഗാർത്ഥി ഉറപ്പുവരുത്തേണ്ടതാണ്. കമ്മീഷനുമായുള്ള എല്ലാ കത്തിടപാടുകളിലും User Id പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്. കമ്മീഷനു മുമ്പാകെ ഒരിക്കൽ സമർപ്പിച്ചിട്ടുള്ള അപേക്ഷ സോപാധികമായി സ്വീകരിക്കപ്പെടുന്നതാണ്. അപേക്ഷാസമർപ്പണത്തിനുശേഷം അപേക്ഷയിൽ മാറ്റം വരുത്തുവാനോ വിവരങ്ങൾ ഒഴിവാക്കുവാനോ കഴിയുകയില്ല. **ഭാവിയിലെ ഉപയോഗത്തിനായി ഉദ്യോഗാർത്ഥികൾ ഓൺലൈൻ അപേക്ഷയുടെ soft copy/print out എടുത്ത് സൂക്ഷിക്കേണ്ടതാണ്. ഉദ്യോഗാർത്ഥികൾ അവരുടെ പ്രൊഫൈലിലെ 'My applications' എന്ന Link-ൽ click ചെയ്ത് അപേക്ഷയുടെ print out എടുക്കാവുന്നതാണ്. അപേക്ഷ സംബന്ധമായി കമ്മീഷനുമായി നടത്തുന്ന കത്തിടപാടുകളിൽ അപേക്ഷയുടെ print out കൂടി സമർപ്പിക്കേണ്ടതാണ്.** തെരഞ്ഞെടുപ്പ് പ്രക്രിയയുടെ ഏതവസരത്തിലായാലും സമർപ്പിക്കപ്പെട്ട അപേക്ഷകൾ വിജ്ഞാപനവ്യവസ്ഥകൾക്ക് വിരുദ്ധമായി കാണുന്ന പക്ഷം നിരുപാധികമായി നിരസിക്കുന്നതാണ്. വിദ്യാഭ്യാസ യോഗ്യത, പരിചയം, ജാതി, വയസ്സ് മുതലായവ തെളിയിക്കുന്നതിനുള്ള അസൽ പ്രമാണങ്ങൾ കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കിയാൽ മതിയാകും.

(ബി) ഉദ്യോഗാർത്ഥികൾ തങ്ങളുടെ പ്രൊഫൈലിൽ ആധാർ കാർഡ് തിരിച്ചറിയൽ രേഖയായി നൽകേണ്ടതാണ്.

(സി) ഈ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് എഴുത്ത്/ ഒ.എം.ആർ./ ഓൺലൈൻ പരീക്ഷ നടത്തുകയാണെങ്കിൽ പരീക്ഷ എഴുതുമെന്ന സ്ഥിരീകരണം (Confirmation) അപേക്ഷകർ തങ്ങളുടെ ഒറ്റത്തവണ രജിസ്ട്രേഷൻ പ്രൊഫൈൽ വഴി നൽകേണ്ടതാണ്. അപ്രകാരം സ്ഥിരീകരണം നൽകുന്നവർക്ക് മാത്രം അഡ്മിഷൻ ടിക്കറ്റ് ജനറേറ്റ് ചെയ്ത് അത് ഡൗൺലോഡ് ചെയ്യുന്നതിനുള്ള സൗകര്യം പരീക്ഷാത്തീയതി വരെയുള്ള അവസാനത്തെ 15 ദിവസങ്ങളിൽ ലഭ്യമാകുന്നതാണ്. നിശ്ചിത സമയത്തിനുള്ളിൽ സ്ഥിരീകരണം നൽകാത്ത ഉദ്യോഗാർത്ഥികളുടെ അപേക്ഷകൾ നിരുപാധികം നിരസിക്കപ്പെടുന്നതാണ്. സ്ഥിരീകരണം നൽകേണ്ടതായ കാലയളവു സംബന്ധിച്ച തീയതികളെക്കുറിച്ചും അഡ്മിഷൻ ടിക്കറ്റ് ലഭ്യമാകുന്ന തീയതി സംബന്ധിച്ചും ഉള്ള വിവരങ്ങൾ ബന്ധപ്പെട്ട പരീക്ഷ ഉൾപ്പെടുന്ന പരീക്ഷാ കലണ്ടറിൽ പ്രസിദ്ധപ്പെടുത്തുന്നതാണ്. ഇതു സംബന്ധിച്ച അറിയിപ്പ് ഉദ്യോഗാർത്ഥികളുടെ പ്രൊഫൈലിലും അതിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മൊബൈൽ ഫോൺ നമ്പരിലും നൽകുന്നതാണ്.

10. (a) പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡികയിലെ (i), (ii), (iii), (iv), (v),(vii), (viii), (ix), (x), (xi) & (xiii) എന്നീ ഉപഖണ്ഡികകളും 5,6 ഖണ്ഡികകളും മേൽപ്പറഞ്ഞ ഉദ്യോഗത്തിന് ബാധകമല്ല.

(b) മേൽപ്പറഞ്ഞ സ്ഥാപനത്തിലേക്കുള്ള നിയമനം അവർ കാലാകാലങ്ങളിൽ വരുത്തുന്ന ചട്ടങ്ങൾക്കും വ്യവസ്ഥകൾക്കും വിധേയമായിരിക്കും.

11. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി: **14.08.2024** ബുധനാഴ്ച രാത്രി 12 മണി വരെ

12. അപേക്ഷ സമർപ്പിക്കേണ്ട വെബ് സൈറ്റ് : www.keralapsc.gov.in

13. **ഉദ്യോഗാർത്ഥികൾക്കുള്ള പ്രത്യേക നിർദ്ദേശങ്ങൾ**

1. ഉദ്യോഗാർത്ഥി അപേക്ഷയിൽ അവകാശപ്പെട്ട ജാതി/ സമുദായം എസ് എസ് എൽ സി ബുക്കിൽ രേഖപ്പെടുത്തിയിരിക്കുന്നതിൽ നിന്ന് വ്യത്യസ്തമാണെങ്കിൽ നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റിനോടൊപ്പം ജാതി വ്യത്യാസം സംബന്ധിച്ച ഗസറ്റ് വിജ്ഞാപനം കൂടി പ്രമാണ പരിശോധനാ സമയത്ത് ഹാജരാക്കേണ്ടതാണ്

2. ഉദ്യോഗാർത്ഥികൾ ഗസറ്റ് വിജ്ഞാപനത്തോടൊപ്പം ഭാഗം II ആയി ഉൾപ്പെടുത്തിയിട്ടുള്ള പൊതു വ്യവസ്ഥകൾ കൂടി വായിച്ചു മനസിലാക്കിയ ശേഷമായിരിക്കണം അപേക്ഷ സമർപ്പിക്കേണ്ടത്. പൊതു വ്യവസ്ഥകൾക്ക് വിരുദ്ധമായി സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്..

3. വിദ്യാഭ്യാസം, പരിചയം തുടങ്ങി യോഗ്യത സംബന്ധിച്ച് തെറ്റായ അവകാശ വാദം ഉന്നയിച്ച് അപേക്ഷ സമർപ്പിക്കുന്ന ഉദ്യോഗാർത്ഥികൾക്കെതിരെ കേരള പബ്ലിക് സർവീസ് കമ്മീഷൻ റൂൾസ് ഓഫ് പ്രൊസീജിയർ റൂൾ 22 പ്രകാരം ഏതൊരു ജോലിക്ക് അവർ അപേക്ഷിക്കുന്നുവോ അതിലേയ്ക്ക് പരിഗണിക്കപ്പെടുന്നതിന് അയോഗ്യരാക്കുകയോ, സ്ഥിരമായോ ഒരു നിശ്ചിത കാലത്തേക്കോ കേരള പബ്ലിക് സർവീസ് കമ്മീഷന് അപേക്ഷകൾ അയയ്ക്കുന്നതിൽ നിന്നും നിരോധിക്കുകയോ, അവർ പങ്കെടുക്കുന്ന പ്രയോഗിക പരീക്ഷയിൽ നിർമ്മിക്കുന്ന സാധനങ്ങളോ, എഴുത്തു പരീക്ഷയിലെ ഉത്തരകടലാസുകളെ അസാധുവാക്കുകയോ, അവരുടെ മേൽ നിയമ നടപടി എടുക്കുകയോ, അവർ ഏതെങ്കിലും ജോലിയിൽ നിയമിക്കപ്പെട്ടു കഴിഞ്ഞുവെങ്കിൽ ആ ജോലിയിൽ നിന്നും അവരെ നീക്കം ചെയ്യുകയോ , ഡിസ്മിസ് ചെയ്യുകയോ, അനുയോജ്യമായ മറ്റു അച്ചടക്ക നടപടികൾ/ നിയമ നടപടികൾ അവർക്കെതിരെ സ്വീകരിക്കുകയോ , മേൽ പറഞ്ഞവയിൽ ഒന്നോ അതിലധികമോ നടപടികൾ അവർക്കെതിരെ കൈക്കൊള്ളുകയോ ചെയ്യുന്നതാണ്.

സാജു ജോർജ്ജ്
സെക്രട്ടറി
കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ